എഴുതിതള്ളുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പട്ടികവർഗ്ഗക്കാർ എടുത്ത വായ്പ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തിവരികയാണ്. പട്ടികവർഗ്ഗക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള (മുതൽ+പലിശ) വായ്പ എഴുതിതള്ളുന്നതിനായി 22-1-06 ലെ സ.ഉ(ആർ.ടി) നമ്പർ 51/16 നമ്പർ ഉത്തരവ് പ്രകാരം ഈ സാമ്പത്തിക വർഷം 39.5241 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ലഭ്യമാക്കി പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ വികസന പദ്ധതികൾ

297 (685) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പ്രത്യേകമായി ഉള്ളടക്കം ചെയ്യുന്നു.*

2011-12 മുതൽ 2015-16 വരെയുള്ള പട്ടികവർഗ്ഗക്ഷേമ വിഹിതം

298 (686) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2012 ൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly